ൻ മാത്രമാകുന്നു.

22. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല.

23,24.പക്ഷെ, വല്ലവനും തിരിഞ്ഞുകളയുകയും അവിശ്വസിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു അവനെ ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്.

25. തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം.

26. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ.

لَّسۡتَ عَلَيۡهِم بِمُصَيۡطِرٍ ٢٢

إِلَّا مَن تَوَلَّىٰ وَكَفَرَ ٢٣

فَيُعَذِّبُهُ ٱللَّهُ ٱلۡعَذَابَ ٱلۡأَكۡبَرَ ٢٤

إِنَّ إِلَيۡنَآ إِيَابَهُمۡ ٢٥

ثُمَّ إِنَّ عَلَيۡنَا حِسَابَهُم ٢٦

## അൽഫജ്ർ
(പ്രഭാതം)

سُورَةُ الفَجۡرِ

### അദ്ധ്യായം - 89

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1–5.പ്രഭാതം തന്നെയാണ സത്യം. പത്തു രാത്രികൾ[1] തന്നെയാണ സത്യം. ഇരട്ടയും ഒറ്റയും[2] തന്നെയാണ സത്യം. രാത്രി സഞ്ചരിച്ചുകൊണ്ടിരിക്കെ അതു തന്നെയാണ സത്യം. അതിൽ (മേൽ പറഞ്ഞവയിൽ) കാര്യബോധമുള്ളവന്ന് സത്യത്തിന് വകയില്ലേ?

6. ആദ് സമുദായത്തെക്കൊണ്ട് നിൻെറ രക്ഷിതാവ് എന്തുചെയ്തുവെന്ന് നീ കണ്ടില്ലേ?

7. അതായത് തൂണുകളുള്ള ഉടമക

وَٱلۡفَجۡرِ ١ وَلَيَالٍ عَشۡرٖ ٢

وَٱلشَّفۡعِ وَٱلۡوَتۡرِ ٣ وَٱلَّيۡلِ إِذَا يَسۡرِ ٤

هَلۡ فِي ذَٰلِكَ قَسَمٞ لِّذِي حِجۡرٍ ٥

أَلَمۡ تَرَ كَيۡفَ فَعَلَ رَبُّكَ بِعَادٍ ٦

إِرَمَ ذَاتِ ٱلۡعِمَادِ ٧

---

[1] ദുൽഹിജ്ജഃ മാസത്തിലെ ആദ്യത്തെ പത്ത് രാത്രികളായിരിക്കാം ഇവിടെ ഉദ്ദേശിക്കപ്പെടുന്നതെന്നാണ് ചില പ്രമുഖ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്.

[2] സംഖ്യകളിലെ ഒറ്റയും ഇരട്ടയും പോലെതന്നെ പദാർത്ഥങ്ങളിലുമുണ്ട് ഒറ്റയും ഇരട്ടയും. അഥവാ മൂലകങ്ങളും യൗഗികങ്ങളും ഒന്നിനോടൊന്ന് ചേർന്ന് ഇരട്ടയാകാനും ഇരട്ടിക്കാനുമുള്ള പ്രവണതയാണ് ജൈവസസ്യജാലങ്ങളുടെ വളർച്ചക്ക് നിദാനം. ഇങ്ങനെയൊക്കെയുള്ള പ്രാധാന്യം നിമിത്തമായിരിക്കാം അല്ലാഹു ഒറ്റയെയും ഇരട്ടയെയും കൊണ്ട് സത്യം ചെയ്യുന്നത്.

ളായ 'ഇറം' ഗോത്രത്തെകൊണ്ട്[1]

8. തത്തുല്യമായിട്ടൊന്ന് രാജ്യങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത ഗോത്രം.[2]

ٱلَّتِي لَمْ يُخْلَقْ مِثْلُهَا فِي ٱلْبِلَٰدِ ﴿٨﴾

9,10. താഴ്വരയിൽ പാറവെട്ടി കെട്ടിടമുണ്ടാക്കിയവരായ ഥമൂദ് ഗോത്രത്തെകൊണ്ടും, ആണികളുടെ ആളായ ഫിർഔനെകൊണ്ടും.[3]

وَثَمُودَ ٱلَّذِينَ جَابُوا۟ ٱلصَّخْرَ بِٱلْوَادِ ﴿٩﴾

وَفِرْعَوْنَ ذِى ٱلْأَوْتَادِ ﴿١٠﴾

11,12. നാടുകളിൽ അതിക്രമം പ്രവർത്തിക്കുകയും അവിടെ കുഴപ്പം വർദ്ധിപ്പിക്കുകയും ചെയ്തവരാണവർ.

ٱلَّذِينَ طَغَوْا۟ فِي ٱلْبِلَٰدِ ﴿١١﴾

فَأَكْثَرُوا۟ فِيهَا ٱلْفَسَادَ ﴿١٢﴾

13. അതിനാൽ നിൻെറ രക്ഷിതാവ് അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടി വർഷിച്ചു.

فَصَبَّ عَلَيْهِمْ رَبُّكَ سَوْطَ عَذَابٍ ﴿١٣﴾

14. തീർച്ചയായും നിൻെറ രക്ഷിതാവ് പതിയിരിക്കുന്ന സ്ഥാനത്തു തന്നെയുണ്ട്.[4]

إِنَّ رَبَّكَ لَبِٱلْمِرْصَادِ ﴿١٤﴾

15. എന്നാൽ മനുഷ്യനെ അവൻെറ രക്ഷിതാവ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവന് സൗഖ്യം നൽകുകയും ചെയ്താൽ അവൻ പറയും; എൻെറ രക്ഷിതാവ് എന്നെ ആദരിച്ചിരിക്കുന്നു എന്ന്.

فَأَمَّا ٱلْإِنسَٰنُ إِذَا مَا ٱبْتَلَىٰهُ رَبُّهُۥ فَأَكْرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّىٓ أَكْرَمَنِ ﴿١٥﴾

16. എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവൻെറ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറയും; എൻെറ രക്ഷിതാവ് എന്നെ അപമാനിച്ചി

وَأَمَّآ إِذَا مَا ٱبْتَلَىٰهُ فَقَدَرَ عَلَيْهِ رِزْقَهُۥ فَيَقُولُ رَبِّىٓ أَهَٰنَنِ ﴿١٦﴾

---

1 'ഇറം' എന്നത് ആദ് സമുദായത്തിൻെറ തന്നെ മറ്റൊരു പേരാണെന്നും, അതല്ല ആദ് സമുദായത്തിൻെറ ആസ്ഥാന നഗരത്തിൻെറ പേരാണെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. അവരുടെ സ്ഥലങ്ങളിൽ സ്മാരകസ്തൂപങ്ങൾ നിർമ്മിച്ചിരുന്നതുകൊണ്ടായിരിക്കാം അവരെ തൂണുകളുടെ ഉടമകൾ എന്ന് വിശേഷിപ്പിച്ചത്.

2 ആകാരസൗഷ്ഠവത്തിലും കായികശേഷിയിലും അതുല്യരായിരുന്നു ആ സമുദായമെന്നർത്ഥം

3 ഇവിടെ ആണികൾ അധികാരത്തിൻെറ പ്രതീകമാണെന്ന് അഭിപ്രായപ്പെട്ടവരും മർദ്ദനോപാധികളുടെ പ്രതീകമാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്.

4 അവൻ സദാ നിരീക്ഷിക്കുന്നുണ്ട് എന്നർത്ഥം.

രിക്കുന്നു എന്ന്.[1]

كَلَّا ۖ بَل لَّا تُكْرِمُونَ ٱلْيَتِيمَ ﴿١٧﴾

17. അല്ല, പക്ഷെ നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.[2]

وَلَا تَحَٰٓضُّونَ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿١٨﴾
وَتَأْكُلُونَ ٱلتُّرَاثَ أَكْلًا لَّمًّا ﴿١٩﴾
وَتُحِبُّونَ ٱلْمَالَ حُبًّا جَمًّا ﴿٢٠﴾

18-20. പാവപ്പെട്ടവൻെറ ആഹാരത്തിന് നിങ്ങൾ പ്രോൽസാഹനം നൽകുന്നുമില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടിതിന്നുകയും ചെയ്യുന്നു. ധനത്തെ നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു.

كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا دَكًّا ﴿٢١﴾
وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ﴿٢٢﴾
وَجِاىٓءَ يَوْمَئِذٍۭ بِجَهَنَّمَ ۚ يَوْمَئِذٍ يَتَذَكَّرُ ٱلْإِنسَٰنُ وَأَنَّىٰ لَهُ ٱلذِّكْرَىٰ ﴿٢٣﴾

21–23. അല്ല, ഭൂമി പൊടിപൊടിയായി പൊടിക്കപ്പെടുകയും, നിൻെറ രക്ഷിതാവും അണിയണിയായി മലക്കുകളും വരുകയും, അന്ന് നരകം കൊണ്ടു വരപ്പെടുകയും ചെയ്താൽ! അന്നെ ദിവസം മനുഷ്യന്ന് ഓർമ്മ വരുന്നതാണ്.[3] ഓർമ്മ വന്നതിലൂടെ അവന്ന് എന്ത് ഫലം!

يَقُولُ يَٰلَيْتَنِى قَدَّمْتُ لِحَيَاتِى ﴿٢٤﴾

24. അവൻ പറയും: അയ്യോ, ഞാൻ എൻെറ ജീവിതത്തിനുവേണ്ടി മുൻകൂട്ടി (സൽകർമ്മങ്ങൾ) ചെയ്തുവെച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ!

فَيَوْمَئِذٍ لَّا يُعَذِّبُ عَذَابَهُۥٓ أَحَدٌ ﴿٢٥﴾

25. അപ്പോൾ അന്നേ ദിവസം അല്ലാഹു ശിക്ഷിക്കുന്ന പ്രകാരം ഒരാളും ശിക്ഷി

---

1 ഐശ്വര്യവും കഷ്ടപ്പാടും ഒരേപോലെ അല്ലാഹുവിൻെറ പരീക്ഷണമാണെന്ന് മനസ്സിലാക്കി ഉചിതമായി പ്രതികരിക്കുകയാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. അനുഗ്രഹങ്ങൾ കൈവരുമ്പോൾ അത് സ്വന്തം മഹത്വത്തിൻെറ ഫലമായി കരുതാതെ അല്ലാഹുവിൻെറ ദാനമായി ഗണിച്ച് നന്ദിപൂർവ്വം പ്രതികരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. കഷ്ടപ്പാടു നേരിടുമ്പോൾ നിരാശയും വേവലാതിയുംകൊണ്ട് മനസ്സു മടുക്കാതെ ക്ഷമയവലംബിക്കാനും അവന് കഴിയണം. എന്നാൽ മനുഷ്യരിൽ ബഹുഭൂരിഭാഗവും ഇതിന് വിപരീതമായ നിലപാടാണ് സ്വീകരിക്കുന്നത്.

2 അനാഥകളെ സംരക്ഷിക്കുന്നുവെന്ന് അവകാശപ്പെടുന്ന ചില വ്യക്തികളും സ്ഥാപനങ്ങളും അനാഥകളോട് ആദരവ് പുലർത്താത്തവരും അവരെ അധമരായി ഗണിക്കുന്നവരുമാണ്. തങ്ങളുടെ മനസ്സിൽ അനാഥകൾക്ക് ആദരണീയമായ സ്ഥാനം കൽപിക്കുന്നവർക്ക് മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യതയുള്ളൂ.

3 അല്ലാഹുവിൻെറ വിചാരണയും ശിക്ഷയും ആസന്നമാകുന്ന സന്ദർഭത്തിൽ—ന്യായവിധിയുടെ നാളിൽ പ്രവാചകന്മാരുടെ പ്രബോധനവും താക്കീതുകളും സത്യനിഷേധികൾ ഓർമ്മിക്കും. എന്നാൽ ആ സമയത്ത് ആ ഓർമ്മ കൊണ്ട് അവർക്ക് ഒരു പ്രയോജനവുമുണ്ടാവില്ല.

ക്കുകയില്ല.

26. അവൻ പിടിച്ചു ബന്ധിക്കുന്നതു പോലെ ഒരാളും പിടിച്ചു ബന്ധിക്കുന്നതുമല്ല.

وَلَا يُوثِقُ وَثَاقَهُۥٓ أَحَدٌ ٢٦

27,28. ഹേ; സമാധാനമടഞ്ഞ ആത്മാവേ, നീ നിൻെറ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക.

يَٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ٢٧

ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً ٢٨

29. എന്നിട്ട് എൻെറ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക.

فَٱدْخُلِى فِى عِبَٰدِى ٢٩

30. എൻെറ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

وَٱدْخُلِى جَنَّتِى ٣٠

## അൽബലദ്
(രാജ്യം)

سُورَةُ البَلَدِ

അദ്ധ്യായം - 90

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

1. ഈ രാജ്യത്തെ(മക്കയെ)ക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

لَآ أُقْسِمُ بِهَٰذَا ٱلْبَلَدِ ١

2. നീയാകട്ടെ ഈ രാജ്യത്തെ നിവാസിയാണ് താനും.[1]

وَأَنتَ حِلٌّۢ بِهَٰذَا ٱلْبَلَدِ ٢

3. ജനയിതാവിനെയും, അവൻ ജനിപ്പിക്കുന്നതിനെയും[2] തന്നെയാണ സത്യം.

وَوَالِدٍ وَمَا وَلَدَ ٣

4. തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട

لَقَدْ خَلَقْنَا ٱلْإِنسَٰنَ فِى كَبَدٍ ٤

---

1 'ഹില്ല്' എന്ന പദത്തിന് നിവാസി എന്നും, അനുവാദമുള്ളവൻ എന്നും, സ്വാതന്ത്ര്യമുള്ളവൻ എന്നും അർത്ഥമുണ്ട്.

2 ഒരാൾ ജനയിതാവും മറ്റൊരാൾ ജാതനും ആകുന്നത് -- മാതാവും പിതാവും സന്തതിയുമാകുന്നത് -- പ്രജനനവുമായി ബന്ധപ്പെട്ട അതിസൂക്ഷ്മമായ ദൈവികവ്യവസ്ഥ പ്രകാരമത്രെ.